ഉത്തരം

(എ-സി) കണമലയിൽ മരണപ്പെട്ട 11 തീർത്ഥാടകരുടെയും കുടുംബത്തിന് ഇൻഷ്വറൻസ് പദ്ധതിപ്രകാരം ദേവസ്വം ബോർഡ് ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. കൂടാതെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനുള്ള ചെലവും ദേവസ്വം ബോർഡ് വഹിച്ചു. സർക്കാർ പ്രത്യേകമായി ധനസഹായം നൽകിയിട്ടില്ല.

ശബരിമല തീർത്ഥാടകരുടെ സുരക്ഷിതത്വം

225 (1695) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശബരിമലയിലേക്കുള്ള അനധികൃത കാനനപാതകൾ അടച്ചുപൂട്ടി പ്രധാനപാതയിലൂടെമാത്രം സഞ്ചാരം അനുവദിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ശബരിമല സീസണിൽ കാനന പാതയിലൂടെയുള്ള സഞ്ചാരം നിയന്ത്രിക്കുന്നകാര്യം ദേവസ്വം ബോർഡ് വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തീർത്ഥാടകരുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കാനുള്ള വിവിധ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. കാനന പാതയിലൂടെയുള്ള യാത്രകൾ നിയന്ത്രിക്കുന്നതടക്കമുള്ള കാര്യങ്ങൾ ചർച്ചകൾ നടത്തി പരിശോധിക്കേണ്ടതുണ്ട്.

മകരവിളക്കുകാലത്ത് ഉപ്പുപാറ, പുല്ലുമേട് എന്നീ സ്ഥലങ്ങളിൽ തീർത്ഥാടകർക്ക് കൂടുതൽ ഇടത്താവള സൗകര്യം

226 (1696) ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ മകരവിളക്കുകാലത്ത് ഉപ്പുപാറ, പുല്ലുമേട് എന്നീ സ്ഥലങ്ങളിൽ തീർത്ഥാടകർക്ക് കൂടുതൽ ഇടത്താവള സൗകര്യം ഏർപ്പെടുത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് എന്തെങ്കിലും റിപ്പോർട്ട് നൽകുകയുണ്ടായോ ?

LIBRARY ARCHIVES Kerala Legislative Assembly